**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **10-10-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമിയിൽ കുടിയേറിയതും ഇതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലാന്റ് റവന്യൂ കമ്മീഷണറുടെ 26/02/2024 -ലെ എൽ.ആർ/846/ 2023 -എൽ.ആർ(JII) നമ്പർ സർക്കുലർ പ്രകാരം 01/01/1977 - ന് മുൻപ് വനഭൂമിയിൽ കുടിയേറിയതും ഇതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവരം നിശ്ചിത ഫോറത്തിൽ കേരളത്തിലെ വില്ലേജ് ഓഫീസർമാർ മുഖാന്തിരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **1-1-1977നു മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി നാളിതുവരെ പട്ടയം ലഭിക്കാത്തവരുടെ ഒരു സമഗ്ര വിവര ശേഖരണം മാർച്ച് 1 മുതൽ 15 വരെ നിശ്ചയിച്ചിരുന്നതും ആയതു മാർച്ച് 31 വരെയും പിന്നീട് ജൂലൈ 10 മുതൽ 30 വരെയും കാലാവധി നീട്ടി നല്കിയതുമാണ്. JV (സംയുക്ത പരിശോധന) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണമാണ് നടത്തിയത്. പ്രസ്തുത വിവരശേഖരണത്തിൽ വിവിധ വില്ലേജ് ഓഫീസുകൾ മുഖേന 41082 പേരുടെ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ വനഭൂമിയിലെ കൈവശവകാശക്കാർക്ക് പട്ടയം പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ എന്ന് നടപ്പിലാക്കും;വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | **വിവരശേഖരണത്തിലൂടെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് JVR നടത്തേണ്ട സ്ഥലങ്ങൾ കണ്ടെത്തി വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തും. വനം വകുപ്പ് NOC നൽകിയ സ്ഥലങ്ങളിൽ 1993-ലെ ചട്ട പ്രകാരം അർഹതപ്പെട്ടവർക്ക് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ പരിശോധിച്ച് സർവ്വേ നടത്തി പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതി നൽകുന്നതും കേന്ദ്രാനുമതി കിട്ടുന്ന മുറയ്ക്ക് പട്ടയം വിതരണം ചെയ്യാവുന്നതുമാണ്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നം. | ജില്ല | ലഭ്യമായ അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4069 |
| 2 | കൊല്ലം | 3921 |
| 3 | പത്തനംതിട്ട | 2962 |
| 4 | ഇടുക്കി | 17291 |
| 5 | എറണാകുളം | 2758 |
| 6 | തൃശ്ശൂർ | 5270 |
| 7 | പാലക്കാട് | 2581 |
| 8 | മലപ്പുറം | 529 |
| 9 | കോഴിക്കോട് | 331 |
| 10 | വയനാട് | 1184 |
| 11 | കണ്ണൂർ | 175 |
| 12 | കാസർഗോഡ് | 11 |
|  | ആകെ | 41082 |